# സർഗ്ഗക്രിയ

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, ***D.Sc., Ph.D.***)

കരുപ്പിൻ കനപ്പിൽ
കൊന്തനമസ്ക്കാര-
നീളൻപ്രാർത്ഥനയ്ക്കു
തഴമ്പില്ലാമുട്ടുമടക്കി
അത്താഴച്ചോറി-
ന്നുപകാരംചൊല്ലി
പുൽപ്പായത്തലയിണമന്ത്രം
കാതോരത്തുറക്കുപാട്ടായ്
കഥാവരിച്ചുമടോതും
പദങ്ങളുതിരുംമുമ്പേ,
കൂർക്കത്തിലാഴും
മുത്തശ്ശിക്കഥകൾ
പാദപൂരണക്കളത്തിൽ
ഉടയാത്ത സ്വപ്നക്കുമിള.

യാമക്കൂകൽസ്സംഗതി
വള്ളംതുഴയും മനത്തിൽ
അങ്ങേക്കരയിലമ്പലത്തിലെ
വെങ്കടേശസ്സുപ്രഭാതമായ്
പുതുശീർഷകത്തിൽ
പീലിത്തിരുമുടിചാർത്തും
കഥായുറവിടക്കൊഞ്ചൽ
കാലത്തുതിളയ്ക്കും
കട്ടങ്കാപ്പിയിൽ വീണ്ടും
കൊടുങ്കാറ്റുതിർക്കും!
*******************************************